No. CEE/4600/2019/KEAM 2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020 (കീം 2020) ഭിന്നശേഷി വിഭാഗം (PwD) വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന സംബന്ധിച്ച്

**2020–21** അധ്യയന വർഷം കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി (ബി.ഫാം) /മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്ന ഭിന്നശേഷി _വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അതാത് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന യോഗ്യത തീരുമാനിക്കുന്നതിനായി മെഡിക്കൽ ബോർഡ് കൂടേണ്ടതായുണ്ട്. കോവിഡ്–19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ സംസ്ഥാന തലത്തിൽ കേന്ദ്രീകൃതമായി നടത്തേണ്ടിയിരുന്ന മെഡിക്കൽ ബോർഡ് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ജില്ലകളിൽ വച്ച് കൂടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം **2020 ആഗസ്റ്റ് 26, 27** തീയതികളിലായി കേരളത്തിലെ 7 ജില്ലകളിലെ ഗവ. മെഡിക്കൽ കോളേജുകളിൽ വച്ച് വിദ്യാർത്ഥികൾക്കായി മെഡിക്കൽ ബോർഡ് നടത്തുന്നതാണ്. ഓരോ ജില്ലകളിലും മെഡിക്കൽ ബോർഡ് നടത്തുന്ന സ്ഥലവും, തീയതിയും സമയവും അടങ്ങിയ അറിയിപ്പ് കത്ത് അതത് വിദ്യാർത്ഥികളുടെ **'Candidate Portal'** ൽ ലഭ്യമാക്കിയിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ **'Keam 2020 Candidate Portal'** എന്ന ലിങ്ക് വഴി അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി മെഡിക്കൽ ബോർഡിനുള്ള **അറിയിപ്പ് കത്തും, മെഡിക്കൽ പരിശോധന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രൊഫോർമയും** ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഇങ്ങനെ ലഭ്യമാകുന്ന അറിയിപ്പ് കത്തും, പ്രൊഫോർമയും നിർബന്ധമായും എല്ലാ വിദ്യാർത്ഥികളും മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാക്കേണ്ടതാണ്. കൂടാതെ ജില്ലാ തലത്തിൽ നൽകിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന മറ്റ് അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവയും മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ടായിരിക്കും മെഡിക്കൽ ബോർഡ് നടത്തുന്നത്. വിദ്യാർത്ഥിയോടൊപ്പം ഒരു രക്ഷിതാവ് മാത്രം ഹാജരായാൽ മതിയാകും. വിദ്യാർത്ഥികളും, രക്ഷിതാക്കളും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായുംപാലിക്കേണ്ടതാണ്.

തിരുവനന്തപുരം
24.08.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**